# 70. ഖാൻ അബ്ദുൾ ഗഫാർഖാൻ

1988 ജനുവരി 20–ാം തീയതി, 98–ാം വയസ്സിൽ പാകിസ്ഥാനിലെ പെഷാവർ നഗരത്തിൽ അന്തരിച്ച ഖാൻ അബ്ദുൾ ഗഫാർ ഖാൻ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക നേതാക്കളിലൊരാൾ മാത്രമായിരുന്നില്ല. മനുഷ്യാത്മാവിന്റെ അദമ്യമായ സ്വാതന്ത്ര്യാഭിലാഷത്തിന്റെയും സ്ഥിരങ്ങളായ ചില ഉദാത്തമൂല്യങ്ങളിൽ ഉറച്ചു വിശ്വസിക്കുവാനും പ്രതികൂല പരിതഃസ്ഥിതികളിൽ ആ വിശ്വാസം പുലർത്തുന്നതിനുവേണ്ടി എത്ര കഠിനമായ ത്യാഗവും സംതൃപ്തിയോടെ അനുഷ്ഠിക്കുവാനുമുള്ള മനുഷ്യന്റെ അതിരററ കഴിവിന്റെയും പ്രതീകം കൂടിയായിരുന്നു അദ്ദേഹം.

ഗഫാർഖാൻ ആദ്യമായും അവസാനമായും ഒരു പഠാൻ ആയിരുന്നു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ പഠാൻകാർ ബ്രിട്ടീഷ് ആധിപത്യത്തെ എന്നും ചെറുത്തുനിന്നു. അഫ്ഘാനിസ്ഥാനിലും ബ്രിട്ടീഷ് ഇന്ത്യയിലുമായി, എന്നാൽ രണ്ടു സർക്കാരുകൾക്കും പൂർണ്ണമായി കീഴടങ്ങാതെ, ഏറെക്കുറെ സ്വതന്ത്രരായി അവർ ജീവിച്ചുവന്നു. ഈ ഗോത്രവർഗക്കാർക്ക് ബ്രിട്ടീഷ് ഇന്ത്യയിലെ നിയമങ്ങൾ ഒരിക്കലും ബാധകമായിരുന്നില്ല. ഇന്ത്യക്കും അഫ്ഘാനിസ്ഥാനും ഇടയിൽ ബ്രിട്ടൻ വരച്ച അതിർത്തിരേഖയുടെ ഇരുപുറവും ജീവിച്ചവരുടെ നിത്യസ്വപ്നം, ഈ രണ്ടു രാജ്യങ്ങളിലും പെടാത്ത, സ്വതന്ത്രമായ, പഖ്തൂണിസ്ഥാൻ ആയിരുന്നു. സ്വതേ ലഹളക്കാരായ പഠാൻകാരെ അമർത്തുന്നതിന് ഈ പ്രദേശത്ത് കൂടെക്കൂടെ സൈനികാക്രമണം നടത്തുക ബ്രിട്ടീഷ് ഗവണ്മെൻറിന്റെ പതിവായിരുന്നു.

ഈ സമൂഹത്തിൽ, ഒരു ഗോത്രാധിപന്റെ പാരമ്പര്യത്തിൽ പിറന്നു വളർന്ന ഖാൻ അബ്ദുൾ ഗഫാർഖാൻ സ്വന്തമായ ഒരു അഹിംസകസൈന്യം രൂപവല്ക്കരിച്ചു. മഹാത്മാഗാന്ധിയോട് കൂറു പ്രഖ്യാപിച്ചു, കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന സ്വാതന്ത്ര്യസമരത്തിൽ മുന്നണിപ്പോരാളിയായി പങ്കുചേർന്നുവെന്നത്, 1930–കളിൽ വിശ്വസിക്കാനാവാത്ത ഒരു അത്ഭുതമായിരുന്നു. 1938–ൽ ഗഫാർഖാന്റെ ക്ഷണം സ്വീകരിച്ച് അതിർത്തിദേശത്തിൽ പര്യടനം നടത്തിയശേഷം ഗാന്ധിജി എഴുതി: 'ബാദ്ശാഖാൻ (ഗഫാർഖാൻ) എന്താണ് എന്നതിനെപ്പററി ഒരു സംശയവും വേണ്ട. അദ്ദേഹം നിസ്സംശയമായും ഈശ്വരന്റെ ആളാണ്. ഈശ്വരന്റെ സജീവ സാന്നിദ്ധ്യത്തിൽ അദ്ദേഹം വിശ്വസിക്കുന്നു. പഠാൻകാർ മികച്ച യുദ്ധവീരന്മാരാണെന്നതിൽ അദ്ദേഹം അഭിമാനിക്കുന്നില്ല. അവർ ഇതിലുമധികം വീരന്മാരാകണമെന്നും ധീരതയോടൊപ്പം ശരിയായ അറിവുകൂടി പഠാൻകാർ നേടണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. അഹിംസയിലൂടെ മാത്രമേ ഈ നേട്ടം കൈവരൂ എന്ന് അദ്ദേഹത്തിന് അറിയാം. ശരിയായ അഹിംസ പ്രദർശിപ്പിക്കുന്നതിൽ ഇന്ത്യയുടെ മററു ഭാഗങ്ങളെല്ലാം പരാജയപ്പെട്ടാലും അതിർത്തിസംസ്ഥാനം ആ അഗ്നിപരീക്ഷയിൽ ജയിക്കുമെന്ന് കരുതാൻ കാരണമുണ്ട്. ഒരു ലക്ഷത്തിലധികം വരുന്ന അനുയായികൾ സ്വന്തം ഇച്ഛപ്രകാരം ബാദ്ശാഖാനെ അനുസരിക്കുന്നു. അദ്ദേഹം ഒരു വാക്ക് പറയേണ്ട താമസം, അത് നിറവേററപ്പെടുന്നു.'

ഗഫാർഖാന്റെയും അദ്ദേഹത്തിന്റെ സഹോദരനായ ഡോ. ഖാൻ സാഹിബിന്റെയും നേതൃത്വത്തിൽ, അതിർത്തിസംസ്ഥാനം മതനിരപേക്ഷമായ ഇന്ത്യൻ ദേശീയതയിൽ അടിയുറച്ചുനിന്നു. മുസ്ലിം ലീഗിന്റെ വിഭജനവാദത്തിന് അവിടെ വേരുപിടിക്കാൻ കഴിഞ്ഞില്ല. പക്ഷേ, ഇന്ത്യൻ വൻകരയിൽ സ്വാതന്ത്ര്യം പുലർന്നത് മതത്തിന്റെ അടിസ്ഥാനത്തിൽ നടന്ന വിഭജ

നത്തെത്തുടർന്നായിരുന്നു. അതിർത്തി സംസ്ഥാനം ഇന്ത്യയിലോ പാകിസ്ഥാനിലോ, ഏതിൽ ലയിക്കണമെന്നു സംബന്ധിച്ച ജനഹിതപരിശോധനയിൽനിന്ന് ഗഫാർഖാനും അനുയായികളും വിട്ടുനില്ക്കേണ്ടതായിവന്നു. ഫലം സ്വാഭാവികമായും പാകിസ്ഥാന് അനുകൂലമായിരുന്നു.

വിഭജനം അംഗീകരിച്ച കോൺഗ്രസ് നേതാക്കൾ പഠാൻകാരെ വഞ്ചിക്കുകയാണു ചെയ്തതെന്ന് ഗഫാർഖാൻ കരുതി. അദ്ദേഹം അതു തുറന്നുപറയാൻ മടിച്ചതുമില്ല. പാകിസ്ഥാനുമായി ഒരുവിധത്തിലും പൊരുത്തപ്പെടുക അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. ബ്രിട്ടീഷ് ഗവണ്മെൻറിൻെറ ജയിലുകളിൽ കഴിച്ചുകൂട്ടിയതിലധികം കാലം ഗഫാർഖാന് പാകിസ്ഥാൻെറ ജയിലുകളിൽ കഴിയേണ്ടിവന്നു. തൻെറ ജീവിതത്തിൽ നീണ്ട 36 വർഷങ്ങൾ അദ്ദേഹം ജയിലിലായിരുന്നു——പലപ്പോഴും ഏകാന്ത തടവിൽ. ഒടുവിൽ അദ്ദേഹം പീഡനങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനായി സ്വന്തം ജന്മപ്രദേശം വിട്ട് അയൽരാജ്യമായ അഫ്ഘാനിസ്ഥാനിൽ പാർപ്പുറപ്പിച്ചു. അവിടേയും സ്ഥിതിഗതികൾ അദ്ദേഹത്തിൻെറ സ്വാതന്ത്ര്യാഭിനിവേശത്തിനു തൃപ്തി നൽകുന്നവയായിരുന്നില്ല. ജീവിതത്തിൻെറ അന്ത്യവർഷങ്ങളിൽ അദ്ദേഹത്തിന് അഫ്ഘാനിസ്ഥാനിലെ റഷ്യൻ സൈനിക സാന്നിദ്ധ്യം അത്യന്തം ദുഃഖകരമായി അനുഭവപ്പെട്ടു.

സ്വാതന്ത്ര്യമെന്ന ആദർശത്തെ സംബന്ധിച്ചിടത്തോളം ഗഫാർഖാൻ ഒരിക്കലും വിട്ടുവീഴ്ചയ്ക്കു തയ്യാറായില്ല. അതേസമയം, മതവിശ്വാസത്തിൻെറതായ തീവ്രതയോടെ താൻ പുലർത്തിവന്ന അഹിംസ, മതമൈത്രി എന്നീ ആദർശങ്ങൾ പാകിസ്ഥാനിലും ഇന്ത്യയിലും തകർന്നടിഞ്ഞുപോകുന്നതു ഖേദത്തോടെ അദ്ദേഹത്തിനു നോക്കിനിൽക്കേണ്ടിവന്നു. ഈ അഹിംസാമൂർത്തിയെ അറിയാനോ ആദരിക്കാനോ പാകിസ്ഥാനിലെ സർക്കാരിനോ പുതിയ തലമുറയ്ക്കോ കഴിഞ്ഞില്ലെന്നതു സ്വാഭാവികം മാത്രമാണ്. പാകിസ്ഥാൻ ഗവണ്മെൻറ് അദ്ദേഹത്തെ രാജ്യവഞ്ചകനും വിദേശീയ ചാരനുമെന്നു മുദ്രകുത്തി ജയിലിലടച്ച് ആകാവുന്നത്ര ദ്രോഹിക്കുകയുണ്ടായി. പക്ഷേ, ഈ യാതനകളെക്കാൾ കൂടുതൽ അദ്ദേഹത്തെ വേദനിപ്പിച്ചതു താൻ പുലർത്തിവന്ന ആദർശങ്ങൾക്ക് ഇന്ത്യയിൽ ത്വരിതഗതിയിൽ നേരിട്ട അവമൂല്യനം ആയിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ദരിദ്രർ കൂടുതൽ ദരിദ്രരും ധനികർ കൂടുതൽ ധനികരും ആയിത്തീരുന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഏറെക്കുറെ നിരന്തരമായി ഇന്ത്യയിൽ നടന്നുവന്ന മതകലഹങ്ങളിൽ ഗഫാർഖാനോളം വേദനയനുഭവിച്ച മററാരും ഉണ്ടായിരുന്നില്ല. താൻ ഗുരുവായിവരിച്ച മഹാത്മാഗാന്ധി അദ്ദേഹത്തിൻെറ ജന്മനാട്ടിൽ എത്ര വേഗത്തിലാണു വിസ്മൃതിയിലാണ്ടുപോകുന്നത് എന്ന ചിന്ത ഗഫാർഖാനെ എന്നുമെന്നും അലട്ടി.

എന്നാലും, ഇന്ത്യ ഈ സ്വാതന്ത്ര്യസമരനായകനെ മറന്നില്ല. അദ്ദേഹത്തിൻെറ പര്യടനങ്ങൾ ഇന്ത്യയിൽ അവശേഷിച്ച സ്വാതന്ത്ര്യഭടന്മാർക്ക് അസാധാരണങ്ങളായ ഉത്സവങ്ങൾതന്നെയായിരുന്നു. അനാരോഗ്യപീഡിതനായ അദ്ദേഹത്തെ ചികിത്സിച്ചു സുഖപ്പെടുത്തുന്നതിന് ഇന്ത്യയിൽ കിട്ടാവുന്ന എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുകയുണ്ടായി. ഒരു വ്യക്തിക്ക് ഇന്ത്യയെന്ന രാഷ്ട്രം നൽകുന്ന പരമോന്നത പദവിയായ 'ഭാരത രത്ന' ബിരുദം 1987–ൽ അദ്ദേഹത്തിനു നൽകപ്പെട്ടു. പക്ഷേ, അന്ന് ഗഫാർഖാൻ രോഗംമൂലം അബോധാവസ്ഥയിലായിരുന്നു; അദ്ദേഹത്തിൻെറ പേരിൽ ആ ബഹുമതി നേരിട്ടു വാങ്ങിയത് അദ്ദേഹത്തിൻെറ പുത്രനായിരുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യചരിത്രത്തിൽ അസാധാരണമായ ദീപ്തിയുള്ള ഒരു അദ്ധ്യായം എഴുതിച്ചേർത്തത് അബ്ദുൾ ഗഫാർഖാനും അദ്ദേഹത്തിൻെറ സഹോദരൻ ഡോ. ഖാൻ സാഹിബും ചേർന്നാണ്. ഈ രണ്ടു സഹോദരന്മാരെ 1930–കളിൽ മഹാത്മാഗാന്ധിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ ദേശായി 'രണ്ട് ഈശ്വരസേവകന്മാർ' എന്ന ചെറു പുസ്തകത്തിലൂടെ ഭാരതീയർക്കാകെ പരിചയപ്പെടുത്തി.

അതിനുശേഷം സ്വാതന്ത്ര്യലബ്ധിവരെ അവരുടെ ജീവിതം ഇന്ത്യൻ ദേശീയ ജീവിതത്തിന്റെ അവിഭാജ്യഭാഗമായിരുന്നു. സ്വാതന്ത്ര്യം കൈവന്നതിൽ പിന്നീട് ഗഫാർഖാന് ഇന്ത്യയുമായി ഭൗതികബന്ധങ്ങൾ ഇല്ലാതായി. പക്ഷേ, ഈ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസമരത്തോടും അതിനു നേതൃത്വം നല്കിയ മഹാത്മാവിന്റെ മാനവികാദർശങ്ങളോടുമുള്ള ആത്മീയബന്ധം പിന്നീടുള്ള ഇരുണ്ടവർഷങ്ങളിൽ അദ്ദേഹത്തിന് ആശ്വാസം നൽകിപ്പോന്നിരിക്കാം.

മഹാനായ ഈ സ്വാതന്ത്ര്യസമര നേതാവിനു മുന്നിൽ നമുക്ക് അന്തിമാഭിവാദ്യം അർപ്പിക്കുക.

(21 ജനുവരി, 1988)

# 71. എൻ. പി. ദാമോദരൻ

കേരളത്തിലെ പ്രസിദ്ധനായൊരു സ്വാതന്ത്ര്യപ്പോരാളിയും പ്രശസ്തനായ ഒരു പത്രപ്രവർത്തകനുമായിരുന്നു ഏപ്രിൽ 22-ാം തീയതി എൺപത്തിരണ്ടാം വയസ്സിൽ പൊന്നാനി താലൂക്കിലെ മാത്തൂരിൽവെച്ച് അന്തരിച്ച എൻ. പി. ദാമോദരൻ. ഗുരുവായൂർ ക്ഷേത്രപ്രവേശ സത്യാഗ്രഹത്തിനും അതിനു മുമ്പും പിമ്പുമായി നടന്ന ക്ഷേത്രപ്രവേശ പ്രക്ഷോഭത്തിനും തന്റെ അനർഗളമായ വചോവിലാസത്തിലൂടെ അദ്ദേഹം നൽകിയ സേവനം നിസ്തുലമായിരുന്നു. കേളപ്പന്റെയെന്നപോലെ ഭാരത സേവാസംഘത്തിലെ വി. ആർ. നായനാരുടെയും സഹായിയായി അദ്ദേഹം കുറെക്കാലം പ്രവർത്തിച്ചു. 'മാതൃഭൂമി'യിൽ കോളം എഴുത്തുകാരനായും സബ് എഡിറ്ററായും ദാമോദരൻ ഒട്ടേറെ ലേഖനങ്ങൾ എഴുതി. ഭാഷയുടെ ശുദ്ധി, സരളത, ഊർജസ്വലത, സംക്ഷിപ്തത എന്നീ കാര്യങ്ങളിൽ അദ്ദേഹം കർശനമായ നിഷ്കർഷ പുലർത്തി. ഈ വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലാതിരുന്ന സഹപ്രവർത്തകരെ നിരന്തരം നിർദയം വിമർശിച്ചുവന്ന അദ്ദേഹത്തെ അവർ പാതി തമാശയായും പാതി ഭയപ്പാടോടെയും 'മാസ്റ്റർ' എന്നാണു വിളിച്ചിരുന്നത്. ഭാഷയുടെ സൗന്ദര്യത്തെ വികലമാക്കുംവിധമാകരുതു പത്രപ്രവർത്തനം എന്ന കാര്യത്തിൽ അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അംഗവൈകല്യവും ശാരീരിക ദൗർബല്യവും അദ്ദേഹത്തിന്റെ ഉന്മേഷത്തെയോ ആവേശത്തെയോ ഒരിക്കലും ബാധിക്കുകയുണ്ടായില്ല. വളരെ വൈകിയാണ് എൻ. പി. കോളേജിൽ ചേർന്നു പഠിച്ചു ബി. എ. ബിരുദം നേടിയത്. തന്റെ മുൻകാല സതീർത്ഥ്യരുടെ മക്കളോടൊപ്പം ഒരേ ബെഞ്ചിലിരുന്നു പഠിക്കുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു; വൈകിവന്ന ബിരുദത്തെ തന്റെ പേരിനോടുചേർത്ത് എഴുതണമെന്നു നിർബന്ധിക്കുകയും ചെയ്തു. ചില കാര്യങ്ങളിൽ ഒട്ടേറെ കടുംപിടിത്തങ്ങളും അതേസമയം മിക്ക കാര്യങ്ങളിലും അത്യന്തം ഉദാരമായ വീക്ഷണവും അദ്ദേഹം പുലർത്തിവന്നു. ആളുകളുടെ കുറ്റം അവരുടെ മുഖത്തുനോക്കി പറയുന്നതിൽ അദ്ദേഹത്തിന് അശേഷം കൂസലുണ്ടായിരുന്നില്ല. ഈ സ്പഷ്ടവാദിത അദ്ദേഹത്തിനു ജീവിതത്തിൽ വളരെയേറെ അസൗകര്യങ്ങൾക്കു കാരണമായി. സ്വന്തം പരിചിത വലയത്തിനുള്ളിൽ എപ്പോഴും ഊഷ്മളമായ സ്നേഹത്തോടൊപ്പം ചിലപ്പോഴൊക്കെ പുകഞ്ഞുനീറുന്ന അമർഷംകൂടി ഉദ്ദീപിപ്പിക്കുന്ന തരത്തിലായിരുന്നു എൻ. പി. യുടെ വാക്കുകളും പ്രവൃത്തികളും. ചുരുക്കത്തിൽ അസാധാരണമാംവിധം വൈവിധ്യപൂർണമായിരുന്നു എൻ. പി. യുടെ വ്യക്തിത്വം. അദ്ദേഹത്തിന്റെ നിര്യാണംമൂലം സ്വാതന്ത്ര്യസമരത്തിലെ സക്രിയപ്രവർത്തകരിൽ ഒരാൾകൂടി കേരളത്തിനു നഷ്ടപ്പെട്ടിരിക്കുന്നു.